LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാർജ്ജനം ചെയ്ത രോഗങ്ങളുടെ ആവിർഭാവം

*25 [298] ശ്രീ. എ. കെ. മണി:

,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് നിർമ്മാർജ്ജനം ചെയ്ത ഏതെല്ലാം രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) മലമ്പനി മാത്രമാണ് വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുള്ള രോഗം.

(ബി) 1965-ൽ മലമ്പനി കേരളത്തിൽ നിന്നും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യപ്പെട്ടതാണ്. പക്ഷേ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലും ചില വിദേശ രാജ്യങ്ങളിലും മലമ്പനി രോഗബാധ നിലനിന്നിരുന്നതിനാൽ ആ സ്ഥലങ്ങളിൽ നിന്നും കേരളത്തിലേക്ക് വന്ന രോഗാണുവാഹകരിൽ നിന്നും വീണ്ടും മലമ്പനി രോഗ സംക്രമണം ഉണ്ടായി. മാത്രവുമല്ല മലമ്പനി നിർമ്മാർജ്ജനം സാദ്ധ്യമായതു കൊണ്ട് 1965-ന് ശേഷം ഊർജ്ജിതമായ കൊതുകു നശീകരണ പ്രവർത്തനങ്ങൾ ആവശ്യമായി വന്നില്ല. ഇതുമൂലം മലമ്പനി പരത്തുന്ന അനോഫലിസ് കൊതുകുകളുടെ സാന്ദ്രത ക്രമേണ വർദ്ധിക്കുകയും ചെയ്തു. അങ്ങനെ 1962-ഓടുകൂടി തദ്ദേശീയമായ രോഗസംക്രമണം കേരളത്തിൽ പല സ്ഥലങ്ങളിലുമുണ്ടായി.

ഖാദി ഗ്രാമ വ്യവസായ മേഖലയിലെ പ്രതിസന്ധി

*26 [299] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി ഗ്രാമ വ്യവസായ മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുകയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര ഖാദി കമ്മീഷൻ എത്ര ശതമാനം റിബേറ്റാണ് നൽകി വരുന്നത്. ഈ റിബേറ്റ് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പുനഃസ്ഥാപിച്ചു കിട്ടുന്നതിന് എന്തെല്ലാം ശ്രമങ്ങൾ നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാർ എത്ര ശതമാനം റിബേറ്റ് നൽകുന്നുണ്ട്, ഈ ഇനത്തിൽ എത്ര കുടിശ്ശിക കൊടുത്ത് തീർക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;